



# കൊരട്ടിമുത്തി

## മദ്ധ്യസ്ഥ പ്രാർത്ഥന

**NOVENA TO KORATTYMUTHI**
(Malayalam)

*Nihil Obstat*
**Very Rev. Fr. Jose Paul Nellissery**

*Imprimatur*
**Mar. Varkey Cardinal Vithayathil**
Major Arch Bishop of Ernakulam-Angamaly

*All rights reserved to :*
**St. Mary's Forane Church**
**Koratty - 680 308**
**Thrissur Dt., Kerala**
**Ph : 0480-2732780, 2734009**

Website : www.korattymuthy.com
E-mail : muthy@korattymuthy.com

*Printed at :*
PrintWorld, Koratty
Ph : 9446231463



അത്ഭുതപ്രവർത്തകയായ

# കൊരട്ടി മുത്തിയുടെ തിരുനാൾ

**ഒക്ടോബർ 10 കഴിഞ്ഞുവരുന്ന ഞായറാഴ്ച**



# കൊരട്ടിമുത്തി



## മദ്ധ്യസ്ഥ പ്രാർത്ഥന
(നൊവേന)

## വി. കുർബാന സമയങ്ങൾ

| ഞായർ | മറ്റുദിവസങ്ങളിൽ |
|---|---|
| 5.30 a.m. | 5.30 a.m. |
| 7.30 a.m. | 7.00 a.m. |
| 9.45 a.m. | |
| 4.45 p.m. | |

**എല്ലാ ശനിയാഴ്ചകളിലും**

രാവിലെ 5.30 നും 7.00നും 10.30നും
വൈകീട്ട് 4.45നും

**വി. കുർബ്ബാനയും നൊവേനയും**

**ആദ്യ വെള്ളിയാഴ്ചകളിൽ**

വൈകീട്ട് 4.45-ന്
വി.കുർബ്ബാന



പരിശുദ്ധ അമ്മയോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനും മറിയത്തിലൂടെ യേശുവിലേക്ക് നയിക്കപ്പെടുന്നതിനും വിശ്വാസികളെ സഹായിക്കുന്ന നിരവധി പദ്ധതികളും ഇവിടെ നടത്തപ്പെടുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മാതാവിനോടുള്ള നവനാൾ പ്രാർത്ഥന (നൊവേന) ഇതിൽ പ്രധാനപ്പെട്ട ഒന്നാണ്. വിശ്വാസ പരിശീലനവും മരിയൻ ആദ്ധ്യാത്മികതയിലുള്ള വളർച്ചയും സാദ്ധ്യമാകണമെന്ന ലക്ഷ്യത്തോടെ പ്രസിദ്ധീകരിക്കുന്ന നൊവേനയുടെ പരിഷ്കരിച്ച പതിപ്പ് വളരെ യധികം നന്നായിട്ടുണ്ട്. ഇതുപയോഗിച്ചുള്ള പ്രാർത്ഥനാസമ്മേളനങ്ങൾ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം വഴിയുള്ള വലിയ ദൈവകൃപയുടെ അവസരങ്ങളാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

+ Varkey Vithayathil

**കർദ്ദിനാൾ വർക്കി വിതയത്തിൽ**
മേജർ ആർച്ച് ബിഷപ്, എറണാകുളം - അങ്കമാലി

ഡിസംബർ 29, 2001

**VARKEY CARDINAL VITHAYATHIL**
Major Arch Bishop of Ernakulam - Angamaly

## ആശംസ

പരിശുദ്ധ ദൈവമാതാവിനോടുള്ള നമ്മുടെ ഭക്തി വളരെ പ്രസിദ്ധമാണല്ലോ. ഈ കൊച്ചു കേരളത്തിൽ ഉള്ളതുപോലെ മാതാവിന്റെ നാമധേയത്തിലുള്ള ഇത്രയധികം പള്ളികളും തീർത്ഥാടനകേന്ദ്രങ്ങളും ലോകത്തിൽ വേറൊരിടത്തും കാണില്ല എന്നു തോന്നുന്നു. നമ്മുടെ നാട്ടിലെ മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിൽ വളരെ പ്രധാനപ്പെട്ടതും പ്രസിദ്ധിയാർജ്ജിച്ചതുമാണ് കൊരട്ടിമുത്തിയുടെ പള്ളി എന്നറിയപ്പെടുന്ന കൊരട്ടി സെന്റ് മേരീസ് ഫൊറോനപള്ളി.



**NB :**
1. അവിവാഹിതരായ യുവതികൾ, മക്കളില്ലാത്ത ദമ്പതികൾ, സുഖപ്രസവം ആശിക്കുന്നവർ, തൊഴിൽരഹിതർ എന്നിവർക്ക് കൊരട്ടിമുത്തി. പ്രത്യേക മദ്ധ്യസ്ഥയാണ്.
2. നേർച്ചയായി പള്ളിയിൽ മുട്ടുകുത്തി നീന്തുക പൂവൻകുല അർപ്പിക്കുക, തുലാഭാരം നടത്തുക, ഭജനയിരിക്കുക എന്നിവയുണ്ട്.
3. വേളാങ്കണ്ണിക്കും മലയാറ്റൂർക്കും പോകുന്ന തീർത്ഥാടകർക്കും, മലമ്പുഴ, അതിരപ്പിള്ളി, വാഴച്ചാൽ എന്നിവിടങ്ങളിലേക്ക് പോകുന്ന വിനോദയാത്രക്കാർക്കും ഈ തീർത്ഥാടനകേന്ദ്രത്തിൽ വരാൻ എളുപ്പമാണ്.

## വഴി

തെക്കുനിന്നും സ്വന്തം വാഹനങ്ങളിൽ വരുന്നവർ തൃശ്ശൂർ ജില്ലയിൽ പ്രവേശിച്ച് 1.5കി.മീ. കഴിയുമ്പോൾ ഇടതുവശത്തുള്ള പുളിക്കക്കടവ് റോഡുവഴി വരിക.

വടക്കുനിന്നും വരുന്നവർ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന് 3. കി.മീ. തെക്ക് വൈഗൈ ത്രെഡ് മില്ലിന് (മധുര കോട്സ്) മുമ്പായി വലത്തോട്ടുള്ള വഴിയിൽക്കൂടി വരിക. ബസ്സിന് വരുന്നവർക്കും ഇതാണ് സൗകര്യം.

**വികാരി.**



## പ്രാരംഭ പ്രാർത്ഥന

കാർമ്മികൻ : പിതാവായ ദൈവമേ, പരിശുദ്ധകന്യകമറിയത്തെ ഞങ്ങൾക്ക് അമ്മയായി നൽകിയ അങ്ങയുടെ അനന്തമായ സ്നേഹത്തെ ഓർത്ത് ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. സ്തുതിക്കുന്നു, അങ്ങയോട് നന്ദിപറയുന്നു. അങ്ങയോടു ചെയ്ത വാഗ്ദാനങ്ങൾ ലംഘിച്ച് ചെയ്തു പോയ പാപങ്ങളെയോർത്ത് ഞങ്ങൾ മനസ്തപിക്കുന്നു. ഞങ്ങളുടെ അമ്മയും മദ്ധ്യസ്ഥയുമായ കൊരട്ടിമുത്തി വഴി ഞങ്ങൾ യാചിക്കുന്ന ശാരീരികവും മാനസികവും ആത്മീയവുമായ അനുഗ്രഹങ്ങൾ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

സമൂഹം : ആമേൻ.







പ്രധാന അൾത്താര

## പ്രാരംഭ ഗാനം

എത്രയും ദയയുള്ള മാതാവേ
നിൻസങ്കേതം തേടി വരുന്നു ഞങ്ങൾ
നിൻചാരത്തോടിയണഞ്ഞവരെ നീ
ഒരിനാളും കൈവിടില്ലല്ലോ തായേ (2)

എത്രയും......

1. ശരണം ഗമിപ്പൂ നിൻ തൃപ്പാദത്തിൽ
കരുണ തൻ നിറകുടമാകുമമ്മേ (2)
കനിവോടെ ഇവരെ നീ കാക്കണമേ
കന്യകമാരുടെ റാണി നീയേ

എത്രയും......

2. അവതാരം ചെയ്തൊരു വചനത്തിന്റെ
അമലയാം അംബികേ നന്മപൂർണ്ണേ (2)
അവനിയിൽ സുതരുടെ യാചനകൾ
അലിവോടെ കേട്ടു നീ അഭയമേകൂ

എത്രയും......



## II. പുതിയ പള്ളിയും തീർത്ഥാടനകേന്ദ്രവും

ജാതിമതഭേദമെന്യേ അനേകായിരങ്ങളുടെ അഭയ കേന്ദ്രമായ കൊരട്ടിമുത്തിയുടെ ദേവാലയം അസൗകര്യ ങ്ങളെ പരിഗണിച്ച് 1985-ൽ പൊളിച്ചു മാറ്റി, തൽസ്ഥാനത്ത് ഇപ്പോൾ സ്ഥിതിചെയ്യുന്ന പുതിയ പള്ളി പണി തീർത്തു. പൗരാണിക പ്രത്യേകതകളോടെ പണികഴിപ്പിച്ച്, 1987-ൽ സെപ്തംബർ 8-ാം തീയതി ആശീർവദിച്ചു. പള്ളിയുടെ അകം കൊതതുപണികളാലും ഐതിഹ്യങ്ങളെ സൂചിപ്പി ക്കുന്ന ചിത്രങ്ങളാലും ചാരുതമായിരിക്കുന്നു. നേർച്ചക്കാ ഴ്ചകളുമായി കൊരട്ടിമുത്തിയുടെ സ്വരൂപത്തിനു മുമ്പിൽ വന്നു പ്രാർത്ഥിക്കുന്ന തീർത്ഥാടകർ അനവധിയാണ്.

പള്ളിയുടെ അടുത്തുതന്നെ പരിശുദ്ധകന്യകാമറി യത്തിന്റെ ഒരു ഗ്രോട്ടോ പണികഴിപ്പിച്ചിരിക്കുന്നു. ഒരു ചെറുകുളത്തിന്റെ ഓരം ചേർന്ന് ചെടികളും പൂക്കളും ഏവർക്കും അനുഭൂതിദായകമാണ്. കൊരട്ടി മുത്തിയുടെ ദേവാലയം ഒരു അന്തർദേശീയ മരിയൻ തീർത്ഥാടനകേ ന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. "കേരളത്തിലെ ലൂർദ്ദ്" എന്ന് പലരും കൊരട്ടിയെ വിശേഷിപ്പിക്കുന്നു. തിരുനാ ളിനോടനുബന്ധിച്ച് ഭജനയിരിക്കുന്നതിനും നേർച്ചയായി



പ്രത്യുത്തരിച്ചുകൊണ്ട് / ദൈവതിരുമനസ്സിന് / വിധേ യയാവുകയും / തിരുപുത്രന്റെ നിർദ്ദേശാനുസരണം / പ്രവർത്തിക്കുവാൻ / ഉപദേശിക്കുകയും ചെയ്തു വല്ലോ, / സുഖത്തിലും ദു:ഖത്തിലും / സമ്പത്തിലും ദാരിദ്ര്യത്തിലും / ആരോഗ്യത്തിലും അനാരോഗ്യ ത്തിലും / ദൈവഹിതം അനുഭവിച്ചറിഞ്ഞു / ദൈവ ത്തിന് വിധേയപ്പെട്ട് ജീവിക്കുവാൻ / ഞങ്ങൾക്ക് കൃപ ചെയ്തരുളണമേ.

ആമ്മേൻ.

1. നന്മ.....

അല്ലെങ്കിൽ

പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ/ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ (10)

### (3)

3. കാർമ്മികൻ : പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ, (സമൂഹവും ചേർന്ന്) ഇളയമ്മയായ എലിസബത്തിനെ സഹായിക്കാനും / കാനായിലെ കുടുംബത്തെ / മാന ഹാനിയിൽ നിന്നു രക്ഷിക്കാനും / താല്പര്യം കാണി ച്ചുവല്ലോ. / ഞങ്ങളുടെ ജീവിതത്തിലെ / എല്ലാ പ്രശ്നങ്ങളിലും / പ്രയാസങ്ങളിലും / പ്രതിസന്ധി കളിലും / അമ്മ ഞങ്ങൾക്ക് / തുണയും / സങ്കേത

## യാചന പ്രാർത്ഥന

**(1)**

1. കാർമ്മികൻ : പരിശുദ്ധ അമ്മേ, കൊരട്ടീമുത്തീ, (സമൂഹവും ചേർന്ന്) അങ്ങ് പാപരഹിതയായി / ജനിച്ചവളും ജീവിച്ചവളുമായതിനാൽ / ദൈവത്തിന്റെ മുമ്പിൽ / സമ്പന്നയും അനുഗ്രഹീതയുമായല്ലോ. / ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലും/ പാപവും പാപമാർഗ്ഗവും ഉപേക്ഷിച്ച് / യേശുവിനെ രക്ഷകനും / ദൈവവുമായി ഏറ്റുപറഞ്ഞ് / നിർമ്മലഹൃദയരും / ജീവിത വിശുദ്ധിയുള്ളവരും / ദൈവാനുഭവമുള്ളവരും / ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരുമായി / ജീവിക്കുവാൻ / ഞങ്ങൾക്ക് കൃപയരുളണമേ.

ആമ്മേൻ.

1. നന്മ.....

അല്ലെങ്കിൽ

പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ / ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ (10)

**(2)**

2. കാർമ്മികൻ : പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ, (സമൂഹവും ചേർന്ന്) ഇതാ കർത്താവിന്റെ ദാസിയെന്ന് /



പൂവൻകുലയർപ്പിക്കുന്നതിനും, തുലാഭാരം നടത്തുന്നതിനും അനേകായിരങ്ങൾ എത്തിച്ചേരുന്നു.

1. **പ്രധാന അൾത്താര**
   1. അപ്പസ്തോലന്മാരുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു.
   2. പരിശുദ്ധ കന്യകാമറിയത്തെ പ. ത്രീത്വം കിരീടമണിയിക്കുന്നു.
2. **ചുമർ ചിത്രങ്ങൾ**
   1. പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട ചുമർ ചിത്രങ്ങൾ.
3. **രൂപക്കൂട**

   കേരളീയ ശില്പകലാ മാതൃകയിൽ പണി കഴിപ്പിച്ചിരിക്കുന്നു.
4. **റോസറി വില്ലേജ്**

   ജപമാലയുടെ 15 രഹസ്യങ്ങൾ, പിയേത്ത എന്നിവ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. വിവിധ ഭാരതീയ - വിദേശീയ ഭാഷകളിൽ "നന്മ നിറഞ്ഞ മറിയമേ" എന്ന് എഴുതിയിരിക്കുന്നു.
5. **പദ്മാസനത്തിൽ ഇരുന്ന് പ്രാർത്ഥിക്കുന്ന യേശു.**
6. **മ്യൂസിയം**



വുമായിരിക്കണമേ. / മറ്റുള്ളവരോടു സ്നേഹപൂർവ്വം പെരുമാറുവാനും / ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കാനുള്ള / താല്പര്യവും / നല്ല മനസ്സും / ഞങ്ങൾക്കുണ്ടാകുവാൻ / പ്രാർത്ഥിക്കണമേ.

ആമ്മേൻ.

1. നന്മ.....

അല്ലെങ്കിൽ

പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ / ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ (10)

**(4)**

4. കാർമ്മികൻ : പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ, (സമൂഹവും ചേർന്ന്) ഹേറോദേസിന്റെ കൈകളിൽനിന്നും / ഉണ്ണിയേശുവിനെ രക്ഷിക്കാൻ / വളരെയേറെ പ്രയാസങ്ങളും / ബാലനായ യേശുവിനെ / കാണാതായപ്പോൾ / മന:ക്ലേശവും അനുഭവിച്ചുവല്ലോ. / മനുഷ്യജീവന്റെ വില മനസ്സിലാക്കി / ഭ്രൂണഹത്യ / എന്ന ക്രൂരത ചെയ്യാതിരിക്കാനും / മനുഷ്യജീവനെ വിലമതിക്കാനും / യേശുവിന്റെ സ്നേഹത്തിൽ നിന്നും / അകന്നു ജീവിക്കുന്ന / യുവതീ യുവാക്കളെ / യേശുവിൽ ഒന്നിപ്പിക്കുവാനും വേണ്ട /



ഭക്തജനങ്ങൾ പ്രധാനവാതിൽ മുതൽ പ്രധാന അൾത്താര വരെ നേർച്ചയായി മുട്ടുകുത്തി നീന്താറുണ്ട്. ചിലപ്പോൾ കുട്ടികളെ പുറത്തിരുത്തിയും അല്ലാതെയും നീന്തുന്നു. സുഖപ്രസവം, സന്താനലബ്ധി, സുഖപ്രാപ്തി മുതലായ അനുഗ്രഹങ്ങൾ ലഭിച്ചതായി പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നവവധൂവരന്മാർ അമ്മയുടെ തിരുനാളുകളിൽ പ്രത്യേകിച്ചും ഇവിടെ വന്നു അവരുടെ ദാമ്പത്യജീവിത വിജയത്തിനും ആത്മവിശുദ്ധിക്കുമായി പ്രാർത്ഥിച്ചു നേർച്ചകാഴ്ചകൾ അർപ്പിച്ചു മടങ്ങുന്നു. അമ്മയുടെ തിരുമുമ്പിൽ നിറമിഴികളുമായി കൂപ്പുകയ്യോടെ ഭക്തജനങ്ങൾ പ്രാർത്ഥിക്കുന്ന കാഴ്ച ഏതൊരു മനസ്സിനേയും മഥിക്കുന്ന വികാര സംപ്രീതമായ ഒരു രംഗമാണ്. ആഴ്ചയിലൊരിക്കലോ മാസത്തിലൊരു തവണയോ വന്നുപോകുന്ന തീർത്ഥാടകരും ധാരാളമുണ്ട്. മുത്തിയുടെ നാമത്തിൽ നേർച്ചയായി ലഭിക്കുന്ന പൂവൻകായ് തീർത്ഥാടകർ കൊണ്ടുപോയി ഉണക്കിപ്പൊടിച്ചു പൂജ്യമായി സൂക്ഷിക്കുന്നു. അതു വയറ്റിൽ വേദനയ്ക്ക് വലിയൊരു പ്രതിവിധിയായി കരുതപ്പെടുന്നു.




കൃപാവരം നൽകി അനുഗ്രഹിക്കമോ / വിശുദ്ധി യിലും വിജ്ഞാനത്തിലും / ദൈവത്തിന്റേയും മനു ഷ്യരുടേയും പ്രീതിയിലും / യേശു വളർന്നതുപോലെ / ഞങ്ങളും / ഞങ്ങളുടെ മക്കളും വളരുവാൻ / കൃപയരുളണമേ.

ആമ്മേൻ.

1. നന്മ.....

അല്ലെങ്കിൽ

പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ / ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ (10)

**(5)**

5. കാർമ്മികൻ : പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ, (സമൂ ഹവും ചേർന്ന്) തിരുകുടുംബത്തിന്റെ നാഥേ / അങ്ങു വിശ്വസ്തയായ ഭാര്യയും / ദൈവപുത്രന് / മാതാവുമായിരുന്നല്ലോ. / പരിശുദ്ധമായ ദാമ്പത്യ ജീവി തത്തിലൂടെ / കുടുംബജീവിതം നയിക്കാനാഗ്രഹി ക്കുന്ന യുവതീ യുവാക്കൾക്ക് / അനുയോജ്യരായ / ജീവിതപങ്കാളികളെ നൽകി / അനുഗ്രഹിക്കണമേ. മക്കളില്ലാതെ മന:ക്ലേശം അനുഭവിക്കുന്ന ദമ്പ തികൾക്ക് / സന്താന സൗഭാഗ്യം നൽകണമേ. / സുഖ



യാതൊരു നിവർത്തിയുമില്ലാതെ അവസാനം പണി നിറുത്തി വയ്ക്കുകയും, പിന്നീട് സ്വർണ്ണവും വെള്ളിയും കൊണ്ട് കൊട്ട, മമ്മട്ടി മുതലായ പണി ആയുധങ്ങളുമായി വലിയൊരു ജനക്കൂട്ടത്തിന്റെ അകമ്പടിയോടെ പള്ളിയി ലെത്തി കാഴ്ചവെച്ചു പോയതായും കണ്ടവരുണ്ട്. ഒരു ഹെലികോപ്റ്റർ ഗ്രൗണ്ടിലിറങ്ങുകയുണ്ടായി. ഒരു കുഞ്ഞി നെവഹിച്ചുകൊണ്ടു ഒരു സ്ത്രീ സദാ പണി തടസ്സപ്പെടു ത്തിയിരുന്നതായി പറയപ്പെടുന്നു. അവസാനം പണി പൂർത്തിയാക്കുവാൻ നിവർത്തിയില്ലാതെ ആ പ്രസ്ഥാനം ഉപേക്ഷിക്കേണ്ടി വന്നു. അവിടെയാണ് അനേകം കുടും ബങ്ങളെ തീറ്റിപോറ്റുന്ന മധുരകോട്സ് രൂപം പ്രാപിച്ചത്. അതുകൊണ്ട് കൊരട്ടിയും അയൽപ്രദേശങ്ങളും അനു ഗ്രഹീതമായി. വർഷങ്ങളായി പൂട്ടിക്കിടന്ന കമ്പനി ഈയി ടയ്ക്ക് തുറന്നു പ്രവർത്തിക്കുന്നത് കൊരട്ടിമുത്തിയുടെ അനുഗ്രഹമായി വിശ്വസിക്കുന്നു.

കൊരട്ടിയിൽനിന്നും 6 മൈൽ കിഴക്കുവടക്കായി കിടക്കുന്ന മേലൂർ ദേശത്തുനിന്നും ഒരാൾ കൊട്ടയിൽ ഒരു കുല പൂവൻപഴം കൊരട്ടിമുത്തിക്കു നേർച്ചയായി വയ്ക്കു വാൻ കൊണ്ടുപോന്നു. മുരിങ്ങൂർ ഭാഗത്തു പാടത്തു പണി



## ഗാനം 1

കൊരട്ടിമുത്തിയമ്മേ കരുണാനിധിയേ മാതാവേ (2)
കണ്ണീരിൻ കഥകളുമായ്
വരുന്നു ഞങ്ങൾ തായെ (2)
പൂവൻ കുലയാം നേർച്ചയും
പുതുമാനസവും കാഴ്ചയുമായ്
നന്ദിയും സ്നേഹവും ഏകിടുന്നമ്മേ (2)
വിളിച്ചാൽ വിളി കേട്ടിടും മക്കൾ
തളർന്നാൽ കരുത്തേകും അമ്മേ
മുത്തിയമ്മേ ഭക്തിയോടെ
മുട്ടു കുത്താം നിൻ പാദത്തികേ (2)
പൂവൻ കുലയാം നേർച്ചയും
പുതുമാനസവും കാഴ്ചയുമായ്
നന്ദിയും സ്നേഹവും ഏകിടുന്നമ്മേ (2)
(കൊരട്ടിമുത്തിയമ്മേ.....)
കരഞ്ഞാൽ കരുത്തേകിടും ഉള്ളം
തകർന്നാൽ സുഖമേകും അമ്മേ (2)
നിത്യവും നിൻ പുത്രനോട്
ശക്തിയേകാൻ നീ പ്രാർത്ഥിക്കണേ (2)
പൂവൻ കുലയാം നേർച്ചയും
പുതുമാനസവും കാഴ്ചയുമായ്
നന്ദിയും സ്നേഹവും ഏകിടുന്നമ്മേ (2)
(കൊരട്ടിമുത്തിയമ്മേ.....)

പ്രസവം ആഗ്രഹിക്കുന്ന / ഗർഭിണികളെ സഹായിക്കണമേ. / കുടുംബജീവിതക്കാർ / മാതൃകാജീവിതം / നയിക്കുന്നവരാകട്ടെ / കുടുംബ സമാധാനമില്ലാത്തവർ / മിശിഹായുടെ സ്നേഹം അനുഭവിച്ച് സമാധാനത്തിലും / സന്തോഷത്തിലും ജീവിക്കുവാൻ / ഇടവരുത്തണമേ / തൊഴിലില്ലാതെ വലയുന്നവർക്ക് / ഉപജീവനത്തിനുവേണ്ടിയുള്ള / തൊഴിലവസരങ്ങൾ കാണിച്ചുകൊടുക്കണമേ. / ഭവനമില്ലാത്തവർക്ക്, / ഭവനങ്ങൾ നൽകി അനുഗ്രഹിക്കണമേ. / രോഗാവസ്ഥയിലായിരിക്കുന്നവരെ / സൗഖ്യം നൽകി ആശ്വസിപ്പിക്കണമേ. / വൈദീകരേയും സമർപ്പിതരേയും / വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ ചരിക്കുവാൻ സഹായിക്കണമേ.

ആമ്മേൻ.

1. നന്മ.....

അല്ലെങ്കിൽ

പരിശുദ്ധ അമ്മേ കൊരട്ടിമുത്തീ / ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

(മറ്റു നിയോഗങ്ങൾ മൗനമായി
അമ്മയുടെ പക്കൽ സമർപ്പിക്കുക.)



യെടുപ്പിച്ചുകൊണ്ടിരുന്ന ഒരു ധനാഢ്യൻ ഇതു കണ്ടു. രണ്ടു പഴം തന്നു പോകാൻ ആവശ്യപ്പെട്ടു. മുത്തിക്കുള്ള നേർച്ചയാണ്, തരാൻ നിവൃത്തിയില്ലെന്നു പറഞ്ഞ് ഭക്തൻ നടന്നു. നിർബന്ധമായി രണ്ടുപഴം എടുത്തു അദ്ദേഹം ഭക്ഷിച്ചു. വയറ്റിൽ വേദനയും തുടങ്ങി. ചികിത്സകൾ പലതും നടത്തി ഫലിച്ചില്ല. വവരങ്ങളെല്ലാം ചോദിച്ചറിഞ്ഞ വൈദ്യൻ നിർദ്ദേശിച്ചു, അസുഖമൊന്നും കാണുന്നില്ല, തക്ക പരിഹാരം ചെയ്തുനോക്കൂ എന്ന്. അദ്ദേഹം പണിയെടുപ്പിച്ചിരുന്ന നിലത്തിന്റെ പകുതി കൊരട്ടിമുത്തിക്ക് ഉടനെ ദാനമായി കൊടുത്തു. അസുഖവും മാറി എന്നാണ് വിശ്വാസം.

കൊരട്ടിമുത്തിക്കുള്ള നേർച്ചകളിൽ തമുക്ക്, പൂവൻകുല എന്നിവക്കാണ് പ്രാധാന്യം. കാലാന്തരത്തിൽ തമുക്ക് നേർച്ച അധികം വർദ്ധനവുണ്ടായില്ലെങ്കിലും പൂവൻകുല നേർച്ച വർദ്ധിച്ചുവരുന്നതായി കാണുന്നു. ദിനംപ്രതിയുള്ള നേർച്ച കാഴ്ചകൾക്കു പുറമേ അനുഗ്രഹങ്ങൾ പ്രാപിച്ചവരിൽ നിന്നുള്ള ധാരാളം സാക്ഷ്യങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നു. തിരുനാളുകളിൽ കൂടുന്ന ആയിരക്കണക്കിനാളുകൾക്കു പുറമേ, തീർത്ഥാടകർ കൂട്ടം കൂട്ടമായും അല്ലാതെയും വന്നു പ്രാർത്ഥിച്ചു പോകുന്നുണ്ട്.



## ഗാനം 2

കൊരട്ടിമുത്തിയമ്മേ വിളികേൾക്കൂ
മാമരിയേ (2)
അമ്മേ സ്നേഹനാഥേ
കൃപയേകൂ ലോകനാഥേ (2)
(കൊരട്ടിമുത്തി.....)

കൊരട്ടിമുത്തിയമ്മേ യാചനകേൾക്കണമേ (2)
വചനം മാംസമായി നൽകി ഞങ്ങൾക്കായി
സ്വർഗ്ഗീയവാതിൽ തുറന്നു നീ (2)
പാപത്തിൽ വീണു ഞങ്ങൾ
കരുണയ്ക്കായ് കേഴുന്നു കൃപയരുളീടണമേ
(കൊരട്ടിമുത്തി.....)

മനസ്സിൻ നൊമ്പരം നിൻ തിരുകൈകളിൽ
നൽകീടുന്നു കന്യാംബേ (2)
കണ്ണീരിൻ പൂക്കളുമായ് തിരുസവിധേ അണയുന്നു
കൃപയരുളീടണമേ
(കൊരട്ടിമുത്തി.....)





കൊരട്ടി റെയിൽവേ സ്റ്റേഷൻ



കൊരട്ടി മധുര കോട്സ്




## ഗാനം 3

അമ്മേ നിർമ്മല കന്യാംബേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി
നിൻ സുതരാകും നിൻ പ്രിയമക്കൾ
കേഴുന്നമ്മേ കരുണയ്ക്കായ്
ആവേ.... മരിയ (4)

കന്യാമാതേ കൊരട്ടിമുത്തി
കേൾക്കണേ ഞങ്ങളുടെ യാചനകൾ (2)
നസ്രസ്സാകും തിരുഭവനത്തെ
ചൈതന്യത്താൽ നിറച്ചിടണേ
സോദരസ്നേഹത്താൽ നാടെങ്ങും നിറഞ്ഞ്
ഏവർക്കും മാധുരി പകർന്നിടട്ടെ
അമ്മേ.....
ആവേ.... മരിയ (4)

അത്ഭുത മാതേ, കൊരട്ടിമുത്തി
വണങ്ങീടുന്നു ഞങ്ങൾ കാരുണ്യമേ (2)
ലക്ഷങ്ങളണയുന്നു മാദ്ധ്യസ്ഥം തേടി
അനുദിനമങ്ങേ പദമലരിൽ
ആശ്വാസമില്ലാതെ, തേങ്ങുന്ന മക്കൾ
ക്കലംബമായമ്മേ, അണഞ്ഞിടണേ
അമ്മേ.....
ആവേ.... മരിയ (4)



കൈമളും കർത്താവും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ വീരമൃത്യു വരിച്ചവരിൽ കൈമളുടെ സൈന്യനായകനായിരുന്ന ശ്രീ. കവലക്കാടൻ കൊച്ചുവറിയതും ഉൾപ്പെട്ടിരുന്നു. അന്നു ഈ പ്രദേശത്തെ കത്തോലിക്കരുടെ ഏക ദേവാലയം അമ്പഴക്കാട്ടായിരുന്നു. ശ്രീ. കൊച്ചുവറിയതിന്റെ ശവസംസ്ക്കാരം തക്ക ബഹുമതികളോടും മതകർമ്മങ്ങളോടുംകൂടി അമ്പഴക്കാട്ടു പള്ളിയിൽ നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുവെങ്കിലും കോടശ്ശേരി കർത്താവിന്റെ ഇടപെടൽമൂലം അതു സാധിക്കാതെ പോയി. തിരിച്ചുകൊണ്ടുവരുന്നവഴി വിശ്രമിക്കുന്നതിനു വേണ്ടി ശവമഞ്ചം ഇറക്കിവച്ചു. പിന്നീട് എത്ര ശ്രമിച്ചിട്ടും എടുക്കുവാൻ സാധിക്കാത്തവിധം അത് അവിടെ ഉറച്ചു പോയത്രേ. വിവരമറിഞ്ഞ കൈമൾ ഇപ്പോൾ കൽക്കുരിശ് സ്ഥിതിചെയ്യുന്ന സ്ഥലത്തു ജഡം മറവുചെയ്യുവാനും ക്രിസ്ത്യാനികളായ തന്റെ ആശ്രിതർക്കുവേണ്ടി സ്വന്തം ചെലവിൽ ഒരു ദേവാലയം ഉടനെതന്നെ നിർമ്മിക്കുവാനും ഏർപ്പാടു ചെയ്തു. അങ്ങനെ രൂപം പ്രാപിച്ച ദേവാലയമാണ് കൊരട്ടിമുത്തിയുടെ പള്ളി. അതിലെ കർമ്മാനുഷ്ഠാനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു പള്ളിയുടെ



നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.....

സമൂഹം : ആമ്മേൻ

## ഗാനം

വാനവദൂതർതൻ മണിനാദമിതാ
കേൾക്കുന്നു പാടീടാം മേരിതൻ സ്തോത്രം
ആവേ, ആവേ, ആവേ, മരിയ
ആവേ, ആവേ, ആവേ, മരിയ
മാമകഹൃത്തിതാ നിൻ സ്വന്തമമ്മേ
ഓ മേരി, നിർമ്മലേ തൃക്കൺ പാർക്കെന്നെ
ആവേ, ആവേ, ആവേ, മരിയ
ആവേ, ആവേ, ആവേ, മരിയ

## കൃതജ്ഞതാ പ്രാർത്ഥന

കാർമ്മികൻ : നല്ലവനും സ്നേഹ സമ്പന്നനുമായ നമ്മുടെ സ്വർഗ്ഗീയ പിതാവ് കൊരട്ടിമുത്തിയുടെ മദ്ധ്യസ്ഥതയാൽ നമുക്കും നമ്മുടെ സഹോദരങ്ങൾക്കും നൽകിയ അളവറ്റ അനുഗ്രഹങ്ങൾക്ക് നിറഞ്ഞമനസ്സോടെ നമുക്ക് നന്ദി പ്രകാശിപ്പിക്കാം.

3 ത്രിത്വസ്തുതി

## സമാപന പ്രാർത്ഥന

കാർമ്മികൻ : വിളിച്ചാൽ വിളികേൾക്കുന്ന പരിശുദ്ധ അമ്മേ, കൊരട്ടിമുത്തീ, ഞങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അങ്ങ് അറിയുന്നുവല്ലോ. ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാൻ സന്നദ്ധതയുള്ള അമ്മേ, ഞങ്ങളുടെ സഹായത്തിന് വരണമെ. കറയറ്റ ജീവിതം നയിക്കുവാനും സുകൃതങ്ങളിൽ വളരുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



പേരിൽ കുറെ വസ്തുക്കളും ദാനം ചെയ്തു. പള്ളിയിരിപ്പു പുരയിടം കരത്തിൽനിന്നും ഒഴിവാക്കി.

കൊരട്ടി അങ്ങാടി റെയിൽവേ സ്റ്റേഷൻ, മധുരാകോട്സ്, പൂവൻകുല നേർച്ച എന്നിവയുടെ പിന്നിൽ ചില ചരിത്രസംഭവങ്ങളുണ്ടെന്നാണ് പരമ്പരാഗത വിശ്വാസം. മുത്തിയുടെ തിരുനാളിൽ കൊരട്ടിയിൽ നിർത്താതെ പോകേണ്ട ഒരു തീവണ്ടി കൊരട്ടിയിൽ വന്നു നിന്നുപോയത്രേ. വളരെ ശ്രമിച്ചിട്ടും വണ്ടി ചലിക്കുകയുണ്ടായില്ല. തിരുനാൾ വെടിയും മറ്റും കേട്ട യാത്രക്കാർ വന്നു തിരുനാളിൽ സംബന്ധിച്ചു നേർച്ചകാഴ്ചകൾ നടത്തി തിരിച്ചുചെന്നു സ്റ്റാർട്ടു ചെയ്തപ്പോൾ വണ്ടി ചലിച്ചു. അന്നത്തെ അധികൃതർ നേർച്ച നേർന്ന പ്രകാരമാണ് ഈ സ്റ്റേഷൻ ഇവിടെ രൂപം പ്രാപിച്ചത്.

അനവധി വർഷങ്ങൾക്കുമുമ്പ് ഉടലെടുത്ത ഒരു കമ്പനിയാണ് മധുര കോട്സ്, കൊരട്ടി. കമ്പനിയിരിക്കുന്ന സ്ഥലത്ത് ഒരു സൈനീക വിമാനത്താവളമുണ്ടാക്കുവാൻ വേണ്ടി ആയിരക്കണക്കിനാളുകൾ പണിയെടുക്കുകയും, കോൺട്രാക്ടർക്കു പണി മുന്നോട്ടു കൊണ്ടുപോകുവാൻ



# കൊരട്ടി പള്ളി

പരിശുദ്ധ കന്യകാമറിയം കൊരട്ടിയിലും സമീപ പ്രദേശങ്ങളിലും അറിയപ്പെടുക "കൊരട്ടിമുത്തി", "കൊരട്ടിതമ്പുരാട്ടി" എന്നീ പേരുകളിലാണ്. കൊരട്ടിമുത്തിയുടെ ഈ തീർത്ഥാടനകേന്ദ്രം എറണാകുളം-അങ്കമാലി അതിരൂപതയുടെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നു. ദേശീയ പാതയും റെയിൽവേയും കൊരട്ടിയിലൂടെ കടന്നുപോകുന്നതുകൊണ്ട് തീർത്ഥാടകർക്ക് വളരെ സൗകര്യപ്രദമാണ്. ദേശീയപാതയിൽ കൊരട്ടി ജംഗ്ഷനിൽ നിന്ന് 100 മീറ്റർ പടിഞ്ഞാറുഭാഗത്തായിട്ടാണ് ഈ തീർത്ഥാടനകേന്ദ്രം സ്ഥിതിചെയ്യുന്നത്. കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും നാനാജാതി മതസ്ഥരായ നിരവധി തീർത്ഥാടകർ അമ്മയെ കണ്ട് അനുഗ്രഹങ്ങൾ പ്രാപിച്ച് സംതൃപ്തരായി പോകുന്നു. കൊരട്ടിമുത്തിയുടെ പക്കൽ വരുന്നവർക്ക് ഈ മദ്ധ്യസ്ഥ പ്രാർത്ഥ ഉപകരിക്കുമാറാകട്ടെ.



## I. സ്ഥാപനകാലവും ഉത്ഭവചരിത്രവും

ഈ പള്ളിയുടെ സ്ഥാപനകാലത്തെപ്പറ്റി വ്യക്തമായ രേഖകളൊന്നും കൈവശമില്ല. കൊച്ചിരാജ്യം ഭരിച്ചുവന്ന ശക്തൻ തമ്പുരാന്റെ കാലത്ത് ഇവിടെ പള്ളി ഉണ്ടായിരുന്നു എന്നതിനു തെളിവുണ്ട്. 14-ാം നൂറ്റാണ്ടിന്റെ പൗരാണിക പൈതൃകം കാത്തുസൂക്ഷിക്കപ്പെട്ടിരുന്ന ദേവാലയത്തിന്റെ സ്ഥാപനം 1381 സെപ്തംബർ 8-ാം തിയ്യതി എന്നാണ് പരക്കെ വിശ്വാസം.

പള്ളിയുടെ ഉത്ഭവത്തെ സംബന്ധിച്ചു പല ഐതിഹ്യങ്ങളുമുണ്ട്. ഏറ്റവും വിശ്വാസ യോഗ്യമായതൊന്നു ചുവടെ ചേർക്കുന്നു. ആറേഴു നൂറ്റാണ്ടുകൾക്കുമുമ്പ് കേരളം അനേകം ചെറുഖണ്ഡങ്ങളായി ഇടപ്രഭുക്കന്മാരാൽ ഭരിക്കപ്പെട്ടുപോന്നിരുന്നു. സമീപസ്ഥരായ രണ്ട് ഇടപ്രഭുക്കളായിരുന്നു കൊരട്ടി കൈമളും കോടശ്ശേരി കർത്താവും. ഇവരുടെ പിൻഗാമികൾ ഇപ്പോഴും ഇവിടെ താമസിച്ചുവരുന്നുണ്ടെന്നുള്ളതുതന്നെ ഈ ഐതിഹ്യത്തിന്റെ വിശ്വാസ്യതയെ വർദ്ധിപ്പിക്കുന്നു. കൈമളുടെ കീഴിൽ ധാരാളം ക്രിസ്ത്യാനികൾ യുദ്ധസേവനം ചെയ്തിരുന്നു.